**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2022** **02-02-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി പയ്യനാട് സ്റ്റേഡിയം സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ സന്തോഷ് ട്രോഫി ടൂർണമെന്റ് മത്സരങ്ങൾക്ക് ശേഷം മൈതാനം കള പിടിച്ച് നശിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ മൈതാനം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (എ) | സന്തോഷ് ട്രോഫി മൽസരത്തിന് ശേഷവും മഞ്ചേരി പയ്യനാട് സ്റ്റേഡിയം ഗ്രൗണ്ട് മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ആവശ്യമായ പരിപാലനം നടത്തി വരുന്നുണ്ട്. ഗ്രൗണ്ട് പരിപാലനത്തിനായി പ്രത്യേകം ആളെ നിയമിച്ചിട്ടുണ്ട്. തുടർച്ചയായി കളികളും, പരിശീലനവും ഗ്രൗണ്ടിൽ നടന്നു വരുന്നതിനാൽ മൈതാനം കള പിടിച്ച് നശിച്ച നിലയിലല്ല. |
| (ബി) | പ്രസ്തുത സ്റ്റേഡിയം ഗ്രൗണ്ടിന്റെ നിലവിലുള്ള ഗ്യാലറി വിപുലീകരിക്കുന്നതിനും പുതിയ ഗ്യാലറി നിർമ്മിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; | (ബി) | സ്റ്റേഡിയത്തിന് നിലവിലുള്ള ഗ്യാലറി വിപുലീകരിക്കുന്നതിനും പുതിയ ഗ്യാലറി നിർമ്മിക്കുന്നതും സിന്തറ്റിക് ട്രാക്ക് നിർമ്മാണവും കിഫ്ബി ധനസഹായത്തോടുകൂടെ നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 45 കോടി രൂപ ഭരണാനുമതി നല്കിയിട്ടുള്ള പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ ഡി.പി.ആർ. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി തുക ഉയർത്തുന്നത് സംബന്ധിച്ച കായിക യുവജനകാര്യ ഡയറക്ടറുടെ പ്രപ്പോസൽ പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക്, പ്രാക്ടീസ് ഗ്രൗണ്ട് എന്നീ നിർമ്മാണങ്ങൾ അടക്കമുള്ള രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | സ്റ്റേഡിയത്തിന് നിലവിലുള്ള ഗ്യാലറി വിപുലീകരിക്കുന്നതിനും പുതിയ ഗ്യാലറി നിർമ്മിക്കുന്നതും സിന്തറ്റിക് ട്രാക്ക് നിർമ്മാണവും കിഫ്ബി ധനസഹായത്തോടുകൂടെ നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 45 കോടി രൂപ ഭരണാനുമതി നല്കിയിട്ടുള്ള പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ ഡി.പി.ആർ. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി തുക ഉയർത്തുന്നത് സംബന്ധിച്ച കായിക യുവജനകാര്യ ഡയറക്ടറുടെ പ്രപ്പോസൽ പരിശോധിച്ച് വരുന്നു. |
| | | | |

| | | | |
|---|---|---|---|
| (ഡി) | മഞ്ചേരി മെഡിക്കൽ കോളേജിൽ വിദ്യാർഥികൾക്ക് സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | മഞ്ചേരി മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികൾക്ക് സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നത് സംബന്ധിച്ച് കായിക വകുപ്പ് തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ